## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1384** **06.03.2020-ലെ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ -ഗ്രാമവികസന വകുപ്പുകളുടെ സംയോജനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** |
| (എ) തദ്ദേശസ്വയംഭരണ -ഗ്രാമ വികസന വകുപ്പുകളുടെ സംയോജനം നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ? | (എ) യും (ബി) യും | ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലെ വിവിധ വകുപ്പുകൾ സംയോജിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസിന്മേൽ സർക്കാർ, 2018 നവംബർ 8, 9 തീയതികളിൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടന കളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങളുടെയും, അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ ഭേദഗതി വരുത്തുക യുണ്ടായി. കരട് ചട്ടങ്ങളിന്മേൽ വകുപ്പ മേധാവികളുടെ അഭിപ്രായ ങ്ങളും നിർദ്ദേശങ്ങളും പരിശോധിക്ക ന്നതിനായി 20.09.2019-ലെ സ.ഉ.(സാധാ) നം.2036/2019/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം |

പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ) - ചെയർപേഴ്സൺ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ എന്നിവരടങ്ങുന്ന 3 അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും 2019 ഒക്ടോബർ 17, 18 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി മുമ്പാകെ വകുപ്പ മേധാവികൾ ഉന്നയിച്ച നിർദ്ദേശങ്ങളിന്മേലുള്ള കമ്മിറ്റിയുടെ അഭിപ്രായം/ശുപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

**സെക്ഷൻ ഓഫീസർ**